# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2104 — 11/02/2020-ൽ മറുപടിക്ക്

### 'ഹൃദ്യം', 'ആരോഗ്യകിരണം' പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ടി. വി. ഇബ്രാഹിം** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** |
| എ) | 'ഹൃദ്യം', 'ആരോഗ്യകിരണം' പദ്ധതികൾ പ്രകാരം സംസ്ഥാനത്തെ ഏതെല്ലാം സർക്കാർ, സ്വകാര്യ ആശുപത്രികളിലാണ് ചികിൽസാ സൗകര്യമുള്ളത് എന്നറിയിക്കാമോ; | എ) | 'ഹൃദ്യം', 18 വയസ്സ് വരെയുള്ള കുട്ടികളുടെ ജന്മനാലുള്ള ഹൃദ്രോഗ ചികിത്സയ്ക്കായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ്. കുട്ടികളുടെ ഹൃദ്രോഗ ചികിത്സയ്ക്ക് സർജറി ചെയ്യുന്ന സർക്കാർ ആശുപത്രികളായ ശ്രീ ചിത്ര, ശ്രീ അവിട്ടം തിരുനാൾ ആശുപത്രി, കോട്ടയം മെഡിക്കൽ കോളേജ്, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നീ സർക്കാർ ആശുപത്രികളിലും, അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, കൊച്ചി, ആസ്റ്റർ മെഡിസിറ്റി, കൊച്ചി, ലിസ്സി ഹോസ്പിറ്റൽ, എറണാകുളം, ബിലീവേഴ്സ് ചർച്ച് ആശുപത്രി, തിരുവല്ല, മിംസ് ആശുപത്രി, കോഴിക്കോട് എന്നീ ആശുപത്രികളെ ടി പദ്ധതിയ്ക്കായി എംപാനൽ ചെയ്തിട്ടുണ്ട്. ആരോഗ്യ കിരണം പദ്ധതി വഴി സംസ്ഥാന സർക്കാർ ആശുപത്രികളിൽ നിന്ന് മാത്രമേ ചികിത്സാ സൗകര്യം ലഭിക്കുകയുള്ളൂ. ആരോഗ്യ കിരണം പദ്ധതിയ്ക്കായി സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്തിട്ടില്ല. |
| ബി) | 2019 വർഷത്തിൽ ഈ പദ്ധതി പ്രകാരം സ്വകാര്യ ആശുപത്രികൾക്ക് സർക്കാർ നൽകിയ തുക, സർക്കാർ നൽകാനുള്ള കുടിശ്ശിക എന്നിവ എത്രയെന്ന് ആശുപത്രി തിരിച്ച് അറിയിക്കാമോ; | ബി) | 2019 ഏപ്രിൽ മുതൽ 2020 ജനുവരി 31 വരെ ഹൃദ്യം പദ്ധതിയിൽ ഉൾപ്പെടുത്തി നാഷണൽ ഹെൽത്ത് മിഷൻ സ്വകാര്യ ആശുപത്രികളായ അമൃത ആശുപത്രി എറണാകുളം, ലിസ്സി ഹോസ്പിറ്റൽ എറണാകുളം, ആസ്റ്റർ മെഡിസിറ്റി കൊച്ചി, മിംസ് ആശുപത്രി കോഴിക്കോട്, ബിലീവേഴ്സ് ചർച്ച് ആശുപത്രി തിരുവല്ല എന്നീ ആശുപത്രികൾക്കായി ആകെ 6,82,99,088/- രൂപ നൽകിയിട്ടുണ്ട്. കുടിശ്ശിക തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) | സർക്കാർ കുടിശ്ശിക തീർക്കാത്തത് മൂലം സ്വകാര്യ ആശുപത്രികൾ, മേൽ പദ്ധതികൾ പ്രകാരം ചികിൽസയ്ക്ക് വിമുഖത കാട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അറിയിക്കാമോ? | സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ